ുമാർ, സുഗുണഭാ
ക്കൾ: ബിന്ദു, മോ
ുമാർ. സഞ്ചയനം:
ിച്ച ഒൻപതിന്.

ഗിരിജ, പ്രിയദ, ലത. മരുമ
ക്കൾ: ശ്രീജ, ബിന്ദു, ദീപ,
ജയസേനൻ, രാജേന്ദ്രൻ,
പ്രബല്ല്യൻ.

ബാഹുലേയൻ, സോമൻ.
സഞ്ചയനം: ഞായറാഴ്ച
ഒൻപതിന്.

മക്കൾ : ഷീജ, ജയശ്രീ. സ
ഞ്ചയനം: ഞായറാഴ്ച ഒൻ
പതിന്.

ഗോപാൽ (ന്യൂ ഡൽഹി
സർജറി, ലണ്ടൻ), രാജീവ്
(കാനഡ), സരിത സുരേ
ഷ്.

ഗൾഫ് മലയാളിയെ ഇനിയും എയർ ഇന്ത്യ പീഡിപ്പിച്ചാൽ പൊട്ടിത്തെറി : ഹസൻ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ഗൾഫ് മലയാളികളോട് എയർ ഇന്ത്യ കാൽ നൂറ്റാണ്ടായി കാട്ടുന്ന മനുഷ്യത്വരഹിതമായ സമീപനം തുടർന്നാൽ വലിയ പൊട്ടിത്തെറിയുണ്ടാകുമെന്നു നോർക്ക–റൂട്ട്സ് ചെയർമാൻ എം.എം. ഹസൻ മുന്നറിയിപ്പു നൽകി.

ഗൾഫിൽ അവധിക്കാലം തുടങ്ങിയതോടെ കേരളത്തിലേയ്ക്കുള്ള ഫ്ളൈറ്റുകളിൽ വൻതിരക്കാണ്. എന്നാൽ പലപ്പോഴും എയർ ഇന്ത്യ സാങ്കേതികകാരണം പറഞ്ഞ് ഫ്ളൈറ്റുകൾ റദ്ദാക്കുകയും വൈകിക്കുകയും ചെയ്യുന്നു. യാത്രക്കാർ ചെക്ക് ഇൻ ചെയ്തശേഷമാണ് ഇതു ചെയ്യുന്നത്. 48 മണിക്കൂർവരെ ഫ്ളൈറ്റ് താമസിച്ചു സംഭവം ഉണ്ടായിട്ടുണ്ട്. വ്യോമഗതാഗത നിയമപ്രകാരം ഫ്ളൈറ്റ് ആറു മണിക്കൂർ താമസിച്ചാൽ യാത്രക്കാർക്കു താമസ സൗകര്യം നൽകണം. എന്നാൽ എയർ ഇന്ത്യ ഇതു പാലിക്കുന്നില്ല. താമസ സൗകര്യം നൽകിയാൽതന്നെ അതു മെച്ചപ്പെട്ടതുമല്ല.

എയർ ഇന്ത്യയുടെ സാങ്കേതിക വിഭാഗം ശക്തിപ്പെടുത്തണം. ഗൾഫിൽനിന്നു കേരളത്തിലേക്കു പുതിയ വിമാനങ്ങൾ ഉപയോഗിച്ചു വേണം ഫ്ളൈറ്റ് നടത്താൻ. എയർ ഇന്ത്യ എക്സ്പ്രസിൽ കൂടുതൽ സീറ്റ് ഏർപ്പെടുത്തുകയോ അധിക സർവീസുകൾ നടത്തുകയോ വേണം. ഇക്കാര്യങ്ങൾ എയർ ഇന്ത്യ സി.എം.ഡിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. ഡൽഹിയിലുള്ള മുഖ്യമന്ത്രി വ്യോമഗതാഗത മന്ത്രിയുടെ ശ്രദ്ധയിലും ഇതു കൊണ്ടുവരും. കേരളത്തിൽ നിന്നുള്ള എം.പിമാരോട് പ്രശ്നം പാർലമെന്റിൽ ഉന്നയിക്കാനും അഭ്യർഥിക്കും.

കേരള സർക്കാർ ആരംഭിക്കുമെന്നു പ്രഖ്യാപിച്ചിട്ടുള്ള ബജറ്റ് എയർലൈൻസിനു ഗൾഫ് മലയാളികൾക്കിടയിൽ വൻപ്രതികരണമാണ്.

ഗൾഫ് മേഖലയിൽനിന്നു കേരളത്തിലേയ്ക്കു സർവീസ് നടത്താൻ എല്ലാ വിമാനക്കമ്പനികൾക്കും അനുമതി നൽകണമെന്ന് ഹസൻ ആവശ്യപ്പെട്ടു.

ഇ.എം.എസ്.അവാർഡ്: പിണറായിക്കെതിരേ

സി.പി.എം. വിമതസ്വരം